# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.684 29.05.2019-ൽ മറുപടിക്ക്**

**ആദിവാസി കോളനികളിലെ വൈദ്യുതീകരണം**

| | ചോദ്യം<br>ശ്രീ ആന്റണി ജോൺ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ തലവച്ചപാറ, കുഞ്ചിപ്പാറ, തേര, വാരിയം, ഉറിയംപെട്ടി തുടങ്ങിയ ആദിവാസി കോളനികളിൽ ഇനിയും വൈദ്യുതി ലഭ്യമായിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തലവച്ചപാറ, കുഞ്ചിപ്പാറ, എന്നീ ആദിവാസി കോളനികളിൽ പ്രദേശത്തിന്റെ സ്വഭാവമനുസരിച്ച് HT OH ലൈൻ വലിക്കാൻ സാധിക്കുകയില്ല. HT UG Cable ഉപയോഗിച്ച് ലൈൻ നിർമ്മിക്കുന്നതിന് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും. മാത്രമല്ല ഇങ്ങനെ ലൈൻ നിർമ്മിച്ച് കോളനികളുടെ വൈദ്യുതീകരണം നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി വേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ഈ രണ്ടു കോളനികളിലും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനാണ് തീരുമാനിച്ചത്. ഇതിനുള്ള സർവ്വേ പൂർത്തീകരിച്ചെങ്കിലും കോളനി നിവാസികളുടെ എതിർപ്പ് കാരണം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.<br>തേര, വാരിയം, ഉറിയംപെട്ടി എന്നീ ആദിവാസി കോളനികളിലും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി DDG സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള വർക്ക് ഓർഡർ ചീഫ് എഞ്ചിനീയർ (REES) സൺ എനർജി സൊല്യൂഷ്യൻ എന്ന സ്ഥാപനത്തിന് നൽകുകയും വാരിയം, ഉറിയംപെട്ടി എന്നീ ആദിവാസി കോളനികളിൽ ഭാഗികമായി വർക്ക് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തേര കോളനിയിൽ വർക്ക് ആരംഭിച്ചിട്ടില്ല. |
| (ബി) | വന്യമൃഗ ശല്യം രൂക്ഷമായ പ്രസ്തുത കോളനികളിൽ താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി മേൽ പറഞ്ഞ ആദിവാസി കോളനികളിൽ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ